ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, 2015-ലെ ഹിന്ദു പിൻതുടർച്ച (കേരള ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

XI ക്രമപ്രശ്നം

ബില്ലിലെ അപാകത സംബന്ധിച്ച്

ശ്രീ. മാത്യു റ്റി. തോമസ്: സർ, ഞാൻ എഴുതിത്തന്നത് കൂടാതെ എനിക്ക് വേറൊരു കാര്യംകൂടി പറയാനുണ്ട്. മെമ്പർ ഇൻ ചാർജ്ജ് തന്നെ ബിൽ അവതരിപ്പിക്കണമെന്നാണ് ചട്ടങ്ങളിലെ വ്യവസ്ഥ. ഞാൻ തർക്കിക്കുന്നില്ല. ബഹുമാനപ്പെട്ട മുൻ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന മെമ്പർ ഇൻ ചാർജ്ജ്. അദ്ദേഹത്തിനുപകരം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കാണ് ഈ ബില്ലിന്റെ ചുമതലയെന്ന് ഇന്നലെ നോട്ടിഫിക്കേഷൻ തന്നിരുന്നു. ഞാൻ ഉന്നയിക്കുന്ന വിഷയം അതല്ല, സാന്ദർഭികമായി സൂചിപ്പിച്ചുവെന്നേയുള്ളൂ.

മി. സ്പീക്കർ : ശ്രീ. മാത്യു റ്റി. തോമസ്, ഇന്നലെ അത് ബുള്ളറ്റിൻ ആയി ഇറക്കിക്കഴിഞ്ഞു.

ശ്രീ. മാത്യു റ്റി. തോമസ് : സർ, അതെ. മെമ്പർ ഇൻ ചാർജ്ജ് മുഖ്യമന്ത്രിയാണെന്നുപറഞ്ഞാണ് ഇന്നലെ ബുള്ളറ്റിൻ വന്നത്. ഞാൻ തർക്കിക്കുന്നില്ല, മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതായിരിക്കാം. ഭരണഘടനയുടെ ഏഴാം ഷെഡ്യൂൾ അനുസരിച്ച് അതിലെ മൂന്നാമത്തെ ലിസ്റ്റായ കൺകറന്റ് ലിസ്റ്റിൽപ്പെടുന്ന വിഷയങ്ങളെ സംബന്ധിച്ച് നിയമം പാസ്സാക്കാൻ പാർലമെന്റിനും നിയമസഭയ്ക്കും ഒരേ സമയം അധികാരമുണ്ട്. ഏതെങ്കിലും ഘട്ടത്തിൽ നിയമസഭ പാസ്സാക്കുന്ന നിയമവും പാർലമെന്റ് പാസ്സാക്കുന്ന നിയമവും തമ്മിൽ ഭിന്നത (repugnance) ഉണ്ടെങ്കിൽ പാർലമെന്റ് പാസ്സാക്കുന്ന നിയമമാണ് പ്രിവെയിൽ ചെയ്യുന്നത്. കൺകറന്റ് ലിസ്റ്റിൽപ്പെട്ട ഒരു വിഷയത്തെ സംബന്ധിച്ച് കേന്ദ്രം പാസ്സാക്കിയതും

LIBRARY ARCHIVES Kerala Legislative Assembly

1956 മുതൽ നിലനിൽക്കുന്നതുമായ ഒരു നിയമത്തിന് സംസ്ഥാനം ഇപ്പോൾ ഭേദഗതി കൊണ്ടുവരികയാണ്. ആ ഭേദഗതിക്ക് കേന്ദ്രം പാസ്സാക്കിയിരിക്കുന്ന നിയമത്തിലെ വ്യവസ്ഥകളുമായി ചില ഭിന്നതകളുണ്ട്. അപ്പോൾ സ്വാഭാവികമായും അത് നിലനിൽക്കും. ഒരു കേന്ദ്ര ആക്ടിന് സംസ്ഥാന നിയമസഭ ഒരു ഭേദഗതി കൊണ്ടുവരുമ്പോൾ മുൻകൂട്ടി പ്രസിഡന്റിന്റെ അനുമതി വാങ്ങിയതിനുശേഷമാണ് ആ ബിൽ സഭയിൽ അവതരിപ്പിച്ചിരുന്നത് എന്നതാണ് ഇതുവരെയുള്ള കീഴ്വഴക്കം. ഹിന്ദു പിൻതുടർച്ചാവകാശ നിയമത്തിനുള്ള ഭേദഗതി 2015-ലെ നിയമപ്രകാരം കൊണ്ടുവരുന്നതിന് പ്രസിഡന്റിന്റെ മുൻകൂർ അനുമതി വാങ്ങിയിട്ടില്ല. അത് കീഴ്വഴക്കങ്ങൾക്കും കഴിഞ്ഞ കാലത്തെ പതിവിനും വിരുദ്ധമാണ് എന്ന തർക്കമാണ് എനിക്ക് ഉന്നയിക്കാനുള്ളത്.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): സർ, ബഹുമാനപ്പെട്ട മാത്യു റ്റി. തോമസ് ഇവിടെ ഉന്നയിച്ച പ്രശ്നത്തിൽ പറഞ്ഞിരിക്കുന്നതുപോലെ നിയമപരമായി ഒരു തെറ്റും ഇല്ല. കൺകറന്റ് ലിസ്റ്റിൽപ്പെടുന്ന ഒരു വിഷയത്തെക്കുറിച്ച് കേന്ദ്രത്തിന് നിയമമുണ്ടാകാം, സംസ്ഥാനങ്ങൾക്കും നിയമങ്ങൾ കൊണ്ടുവരാം. കേന്ദ്രത്തിന്റെ വ്യവസ്ഥകളിൽനിന്ന് വ്യത്യസ്തമായിട്ടാണ് സംസ്ഥാനങ്ങൾ നിയമം കൊണ്ടുവരുന്നതെങ്കിൽ അത് പാസ്സാക്കിയശേഷം പ്രസിഡന്റിന്റെ അനുമതി വാങ്ങിയാൽ മതിയാകും. അനുമതി വാങ്ങുന്നതനുസരിച്ച് ആ നിയമം പ്രായോഗികതലത്തിൽ വരും. ഓർഡിനൻസാണെങ്കിൽ ശ്രീ. മാത്യു റ്റി. തോമസ് പറഞ്ഞത് ശരിയാണ്. ഓർഡിനൻസ് വരുന്നതോടുകൂടി നിയമമാവുകയാണ്. അതുകൊണ്ട് ഓർഡിനൻസ് ഇറക്കണമെങ്കിൽ പ്രസിഡന്റിന്റെ മുൻകൂട്ടിയുള്ള അനുമതി വാങ്ങിയിരിക്കണം. ആ സാഹചര്യത്തിൽ ഈ ബിൽ അവതരിപ്പിക്കുന്നതിൽ നിയമപരമായി ഒരു തെറ്റുമില്ല. മറ്റു പല സ്റ്റേറ്റുകളിലും ഇങ്ങനെയുണ്ടായിട്ടുണ്ട്. അതാണ് ഇന്ന് തുടരുന്ന സിസ്റ്റം. ഇക്കാര്യത്തിൽ നമ്മൾ നിയമം പാസ്സാക്കിക്കഴിഞ്ഞ് പ്രസിഡന്റിന്റെ അനുമതി വാങ്ങി നടപ്പിലാക്കുക എന്നതാണ് ഗവൺമെന്റ് ലക്ഷ്യമിട്ടിരിക്കുന്നത്.

<u>ശ്രീ. ജി. സുധാകരൻ</u> : സർ, ...

<u>മി. സ്പീക്കർ</u> : ശ്രീ. ജി. സുധാകരൻ, ഇക്കാര്യത്തിലൊരു ചർച്ച വേണ്ട. ചെയർ പറയാം.

LIBRARY ARCHIVES Kerala Legislative Assembly